I ഇ.ബി. XIII-കേരള നിയമസഭ/XIII-1

# പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2015 മാർച്ച് 6, വെള്ളി

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2015 മാർച്ച് മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് പോലീസ് ബാന്റിന്റെ ദേശീയഗാനവാദനത്തോടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## ഗവർണ്ണറുടെ പ്രസംഗം

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണ്ണർ റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവത്തെ ബഹുമാന്യരായ ഡെപ്യൂട്ടി സ്പീക്കർ, മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നാഷണൽ സല്യൂട്ട് നൽകി സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണ്ണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

(ഗവർണ്ണർ ചേംബറിന്റെ കവാടത്തിലെത്തിയപ്പോൾത്തന്നെ ബാർ കോഴക്കേസിൽപ്പെട്ട ശ്രീ. കെ. എം. മാണിയെ പുറത്താക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ബാനറുകൾ ഉയർത്തിപ്പിടിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും ബഹളം വയ്ക്കുകയും ചെയ്തുകൊണ്ടിരുന്നു.)

ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണ്ണറെ സ്വാഗതം ചെയ്തു. തുടർന്ന് നിയസഭാ സെക്രട്ടറി, ഡെപ്യൂട്ടി സ്പീക്കർ, ഗവർണ്ണർ, മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, ഗവർണ്ണറുടെ പേഴ്സണൽ സ്റ്റാഫ് എന്നീ ക്രമത്തിൽ ഗവർണ്ണറെ സ്പീക്കറുടെ വേദിയിലേയ്ക്ക് ആനയിക്കുകയും ഗവർണ്ണർ വേദിയിലെത്തുന്നതുവരെ കാഹളഘോഷം മുഴക്കുകയും ചെയ്തു.

സ്പീക്കറുടെ വേദിയിലേയ്ക്ക് പ്രവേശിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട ഗവർണ്ണർ ഭരണ-പ്രതിപക്ഷാംഗങ്ങളെ അഭിവാദ്യം ചെയ്തു.

ബഹുമാന്യരായ ഗവർണ്ണറും ഡെപ്യൂട്ടി സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റിന്റെ ദേശീയഗാനം ആലപിക്കപ്പെട്ടു. തുടർന്ന്, ബഹുമാനപ്പെട്ട ഗവർണ്ണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്തശേഷം രാവിലെ 9.00 മണിക്ക് പ്രസംഗം

ആരംഭിച്ചു.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോകുകയും ചെയ്തു.)

ഗവർണ്ണർ പ്രസംഗം രാവിലെ 10.25-ന് പൂർത്തിയാക്കി.

പ്രസംഗം പൂർത്തിയാക്കിയശേഷം ഗവർണ്ണർ സ്വന്തം ഇരിപ്പിടത്തിന് മുന്നിലെത്തിയപ്പോൾ വീണ്ടും പോലീസ് ബാന്റിന്റെ ദേശീയഗാനം ആലപിക്കപ്പെട്ടു. അതിനുശേഷം ബഹുമാനപ്പെട്ട ഗവർണ്ണറെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി, ഗവർണ്ണറുടെ പേഴ്സണൽ സ്റ്റാഫ് എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ഗവർണ്ണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശാനുസരണം ബഹുമാനപ്പെട്ട ഗവർണ്ണറുടെ പ്രസംഗത്തിന്റെ കോപ്പികൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2015 മാർച്ച് 9,10,11 തീയതികളിൽ നടക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അതിനുള്ള

നോട്ടീസ് 2015 മാർച്ച് 7-ാം തീയതി ശനിയാഴ്ച വൈകുന്നേരം 3.00 മണിക്ക് മുമ്പ് നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 10.29 -ന് പിരിഞ്ഞു.

**********